I/55808/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3232/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 16-08-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം 2022-23 വർഷത്തേയ്ക്ക് ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്:-

സൂചന:-
1. സ.ഉ. (സാധാ)നം.4/2010/സാ.ക്ഷ.വ വകുപ്പ് തീയതി: 04-01-2010
2. സ.ഉ. (സാധാ) നം. 322/2014/സാനീവ തീയതി: 08-05-2014
3. സ.ഉ. (സാധാ) നം.524/2015/ സാനീവ തീയതി: 18-08-2015
4. ഈ കാര്യാലയത്തിലെ 18-06-2019ലെ ഇ1/24251/18/WCD നമ്പർ ഉത്തരവ്

വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് സൂചന (1),(2),(3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (4) പ്രകാരം വകുപ്പിന്റെ സ്കീമുകളുടെ നിർവ്വഹണ ചുമതല ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. ആകയാൽ മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി 2022-23 സാമ്പത്തിക വർഷം ധനസഹായം നൽകുന്നതിലേയ്ക്കായി ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടി ജില്ലാ വനിത ശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. BPL (മുൻഗണനാ വിഭാഗം) വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് ധനസഹായത്തിന് അർഹതയുള്ളത്.
2. വിവാഹ മോചിതരായ വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് ധന സഹായത്തിന് അർഹത ഉണ്ടായിരിക്കും.
3. പുനർ വിവാഹം കഴിച്ചവർക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
4. ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.
5. ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക് ധന സഹായത്തിന് അർഹത ഉണ്ടായിരിക്കും. ഇപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട റവന്യൂ/വില്ലേജ് ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഇതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സം നിലനിൽക്കുന്നുവെങ്കിൽ ആയത് രേഖാമൂലം വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയശേഷം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതും ശേഷം അപേക്ഷക ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറി എന്നിവരുടെ പക്കൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്.
6. ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക് ധന സഹായത്തിന് അർഹതയുണ്ടായിരിക്കും അപേക്ഷയോടൊപ്പം സർക്കാർ ഡോക്ടറിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് വാങ്ങി അപ് ലോഡ് ചെയ്യേണ്ടതാണ്.
7. നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് ധന സഹായത്തിന് അർഹതയുണ്ടായിരിക്കും. ഇത്തരം അപേക്ഷയോടൊപ്പം അപേക്ഷക പുനർ വിവഹം

ചെയ്തിട്ടില്ലായെന്ന സത്യവാങ്മൂലം അപേക്ഷയിൽ നിന്നും വാങ്ങേണ്ടതും, ടി വിഷയത്തിൻമേൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ICDS സൂപ്പർവൈസറുടെ സാക്ഷ്യപത്രം കൂടി ശിശു വികസന പദ്ധതി ഓഫീസർ അപ് ലോഡ് ചെയ്യേണ്ടതാണ്.

8. എ.ആർ.ടി തെറാപ്പി ചികിൽസയ്ക്ക് വിധയരാകുന്ന HIV ബാധിതരായ വ്യക്തികളുടെ കുട്ടികൾക്കും ധനസഹായത്തിന് അർഹതയുണ്ട്. ഇവർ അപേക്ഷയോടൊപ്പം സർക്കാർ ഡോക്ടറിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് വാങ്ങി അപ് ലോഡ് ചെയ്യേണ്ടതാണ്.
9. ഒരു കുടുംബത്തിലെ പരമാവധി രണ്ടു കുട്ടികൾക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ.
10. സംസ്ഥാന/കേന്ദ്ര സർക്കാരിൽ നിന്നും ഒരു വിധത്തിലുള്ള സ്കോളർഷിപ്പും ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം വിദ്യാഭ്യാസ മേധാവിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. മറ്റ് സ്കോളർഷിപ്പുകൾ കൈപ്പറ്റുന്നവർ ഈ ധനസഹായത്തിന് അർഹരല്ല.
11. ഒരു സാമ്പത്തിക വർഷം ഒരു ജില്ലയിൽ നിന്നും ഒറ്റതവണ മാത്രമേ അപേക്ഷകൾ സ്വീകരിക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്യുകയുള്ളൂ. ആകയാൽ സൂപ്പർവൈസർമാർ അങ്കണവാടി പ്രവർത്തകർ വഴി ടി പദ്ധതിയെക്കുറിച്ച് വ്യാപക പ്രചാരണം നടത്തേണ്ടതും, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി നിശ്ചിത സമയ പരിധിക്കകം അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർക്ക് ഓൺലൈൻ വെബ്സൈറ്റ് വഴി നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
12. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ധനസഹായ തുക അപേക്ഷകയുടെയും കുട്ടിയുടേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.
13. അനുവദിച്ച് നല്കുന്ന തുക റദ്ദാക്കാനോ പകരം മറ്റൊരാൾക്ക് അനുവദിക്കുവാനോ പാടില്ല.
14. അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യുന്ന രേഖകളുടെ ആധികാരികത ശിശു വികസന പദ്ധതി ഓഫീസർ ഉറപ്പ് വരുത്തിയശേഷം മാത്രമേ ശുപാർശ ചെയ്ത് ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് ഓൺലൈനായി അയച്ചുകൊടുക്കാൻ പാടുള്ളൂ.
15. സംസ്ഥാനസർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം നല്കേണ്ടത്. സ്വകാര്യ സ്ഥാപനങ്ങളിലോ മറ്റ് അൺ എയ്ഡഡ് വിദ്യാലയങ്ങളിലോ, മറ്റ് സംസ്ഥാനങ്ങളിലെ വിദ്യാലയങ്ങളിലോ ട്യൂഷൻ സെന്ററുകളിലോ പഠിക്കുന്നവർ ധനസഹായത്തിന് അർഹരല്ല.
16. അപേക്ഷകൾ ഓൺലൈൻ വെബ് സൈറ്റ് വഴി ശിശു വികസന പദ്ധതി ഓഫീസർമാർ സ്വീകരിക്കേണ്ടതും അന്വേഷണം നടത്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തി ഓൺലൈനായി സാക്ഷ്യപ്പെടുത്തൽ വരുത്തിയശേഷം കാറ്റഗറി തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം മാത്രമേ അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് ഓൺലൈനായി നൽകുവാൻ പാടുള്ളൂ. മാനദണ്ഡങ്ങൾ പാലിക്കാതെ അനർഹരായിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി ശുപാർശ ചെയ്യുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസറുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതായിരിക്കും.
17. ശിശു വികസന പദ്ധതി ഓഫീസർ ശുപാർശ ചെയ്ത് ഓൺലൈനായി നൽകുന്ന അപേക്ഷകൾ ജില്ലാ ഓഫീസർമാർ യഥാസമയം പരിശോധിച്ച് മാനദണ്ഡ പ്രകാരമാണോയെന്ന് ഉറപ്പാക്കേണ്ടതും അർഹതയുള്ള അപേക്ഷകൾ കാറ്റഗറി തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഒരോ കാറ്റഗറിയ്ക്കും പ്രത്യേകം രജിസ്റ്റർ ഒരു സാമ്പത്തിക വർഷത്തേയ്ക്ക് എന്ന ക്രമത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.
18. ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാരും പത്ര-ദൃശ്യമാധ്യമങ്ങൾ വഴി അറിയിപ്പ് നൽകേണ്ടതാണ്.
19. ധന സഹായത്തിനുള്ള അപേക്ഷകളും, അനുബന്ധ രജിസ്റ്ററുകളും ആഡിറ്റിന് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുവാൻ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരും/ ജില്ലാ വനിതാ ശിശു

വികസന ഓഫീസർമാരും ബാധ്യസ്ഥരാണ്.

**<u>അപേക്ഷിക്കേണ്ട വിധം</u>**

7. www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക
8. പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്. യൂസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് 2022-23 വർഷത്തിലെ വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള അപേക്ഷ 15.09.2022 വരെ ശിശു വികസന പദ്ധതി ഓഫീസർമാർ ഓൺലൈനായി സ്വീകരിക്കേണ്ടതും, കാറ്റഗറി തിരിച്ച് ലിസ്റ്റ് തയ്യാറാക്കി അപേക്ഷകൾ ഓൺലൈനായി 15.10.2022 നകം ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ ജില്ലാ വനിത ശിശു വികസന ഓഫീസർ പരിശോധിച്ച് ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ളവ മാത്രം കൃത്യമായി കാറ്റഗറി തിരിച്ച് ലിസ്റ്റും ആവശ്യമായ ഫണ്ടിന്റെ വിശദാംശവും സഹിതം 05.11.2022 നകം വനിത ശിശു വികസന ഡയറക്ടർക്ക് നൽകേണ്ടതുമാണ്. അപേക്ഷകൾ ഓഫ്‌ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും.
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

പകർപ്പ്:

1. സൂപ്രണ്ട് ആഡിറ്റ്സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. അഡീഷണൽ ഡയറക്ടർ/ജോയിന്റ് ഡയറക്ടർ
5. സ്റ്റോക്ക് ഫയൽ/സ്പെയർ

I/55808/2022

| No. |
| --- |
| |

**<u>വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക്</u>**

**<u>വിദ്യാഭ്യാസ ധന സഹായത്തിനുള്ള അപേക്ഷയിൽ ഓൺലൈൻ വെബ്സൈറ്റ് വഴി രേഖപ്പെടുത്തേണ്ടവ</u>**

**(അച്ഛനോ അമ്മയോ മരിച്ചുപോയ വിദ്യാർത്ഥികൾ ഒഴികെയുള്ളവർക്ക്)**

| | | |
| --- | --- | --- |
| 1 | അപേക്ഷകയുടെ പേര്, അഡ്രസ്സ്, പിൻ കോഡ്, ഫോൺ നമ്പർ | (മലയാളം)<br>(ഇംഗ്ലീഷ്) |
| | സമീപത്തുള്ള അങ്കണവാടി സെന്റർ നമ്പർ | |
| 2 | വിദ്യാഭ്യാസധന സഹായം ലഭിക്കേണ്ട കുട്ടിയുടെ പേര്, ജനനതീയതി | |
| 3 | പഠിക്കുന്ന ക്ലാസ്, സ്കൂൾ | |
| 4 | സംസ്ഥാന/കേന്ദ്ര സർക്കാരിൽ നിന്നും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ? ഉണ്ട്എങ്കിൽ വിശദവിവരം | |
| 5 | മുൻ വർഷം വിദ്യഭ്യാസ ധനസഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ട് എങ്കിൽ വിശദ വിവരം | |
| 6 | അപേക്ഷകയുടെ തൊഴിൽ, വരുമാനം | |
| 7 | അപേക്ഷക ബി.പി.എൽ വിഭാഗത്തിൽ/മുൻഗണനാ വിഭാഗത്തിൽഉൾപ്പെട്ടിട്ടുണ്ടോ (രേഖകൾ ഹാജരാക്കണം) | |
| 8 | ബാങ്ക് അക്കൗണ്ട് നം, ബ്രാഞ്ച്, IFSC കോഡ് | |
| 9 | അപേക്ഷക APL വിഭാഗത്തിൽ ചുവടെപ്പറയുന്ന വിഭാഗത്തിൽപ്പെട്ടയാളാണോ? HIV/AIDS ബാധിതർ,സാമൂഹിക വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച് ജവാന്റെ വിധവകൾ | |
| 10 | കുട്ടിയുടെ ആധാർ നം. | |

I/55808/2022

**<u>അപേക്ഷക അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>**

**<u>വിദ്യാഭ്യാസ മേലധികാരിയുടെ ശുപാർശ</u>**

..............................................എന്ന കുട്ടി ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ ........................................ ക്ലാസിൽ പഠിക്കുകയാണെന്നും ടിയാൾ കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും സ്കോളർഷിപ്പോ മറ്റ് വിദ്യാഭ്യാസ ധന സഹായമോ ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി:

(സീൽ)

വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ ഒപ്പ്

**<u>ശിശു വികസന പദ്ധതി ഓഫീസർ അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>**

**<u>ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ</u>**

മേൽ സൂചിപ്പിച്ച അപേക്ഷക ഒരു വനിതാ ഗൃഹനാഥയാണെന്നും BPL (മുൻഗണനാ വിഭാഗം) കുടുംബത്തിൽ/APL/ജവാന്റെ വിധവ/HIV/AIDSബാധിതർ/വിവേചനം അനുഭവിക്കുന്നവർ ആണെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽ അപേക്ഷ ശുപാർശ ചെയ്തുകൊള്ളുന്നു.

സ്ഥലം:
തീയതി:

(സീൽ)

ശിശു വികസന പദ്ധതി ഓഫീസറുടെ_ഒപ്പ്

**<u>ജില്ലാ വനിത ശിശു വികസന ഓഫീസർ അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>**

_

**<u>ജില്ലാ വനിത ശിശു വികസന ഓഫീസറുടെ ശുപാർശ</u>**

വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹയ പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷക അർഹയാണ്. ധനസഹായം -------------------രൂപ അനുവദിക്കാവുന്നതാണ്.

സ്ഥലം:
തീയതി:

(സീൽ)

ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ_ഒപ്പ്

I/55808/2022

**<u>അപേക്ഷക അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട രേഖകൾ</u>**

1. അപേക്ഷക BPL (മുൻഗണനാ വിഭാഗം) കുടുംബത്തിൽപ്പെട്ട ആളാണെന്നും APL ആണെങ്കിൽ അർഹതപ്പെട്ട വിഭാഗത്തിൽപ്പെടുന്നവരാണെന്നും തെളിയിക്കുന്ന രേഖകൾ

2. റേഷൻ കാർഡ്, ആധാർ, ഇലക്ഷൻ ID.
3. അപേക്ഷക വനിതാ ഗൃഹനാഥ എന്നു തെളിയിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന വിഭാഗ ത്തിൽപ്പെടുന്നതാണെന്ന സർട്ടിഫിക്കറ്റ്

a. ഭർത്താവ് ഉപേക്ഷിച്ചുപോയവർക്ക് ഉപേക്ഷിച്ചു പോയെന്നും വേറെ വിവാഹം ചെയ്തിട്ടില്ലെന്നും തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
b. വിവാഹ ബന്ധം വേർപ്പെടുത്തിയവർക്ക് കോടതി ഉത്തരവിന്റെ പകർപ്പ്. കൂടാതെ പുനർ വിവാഹം ചെയ്തിട്ടില്ലെന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
c. ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞതിനാൽ, ഒരു വർഷം കഴിഞ്ഞു വെന്നും, പുനർ വിവഹാം നടത്തിയിട്ടില്ലായെന്നും ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

4. ഭർത്താവിന് നട്ടെല്ലിന് ക്ഷതമോ പക്ഷാഘാതം മൂലമോ ജോലി ചെയ്യുവാൻ കഴിയാത്ത വിധം കിടപ്പിലായിട്ടുണ്ടെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്.
5. നിയമപരമായി വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളെ സംബന്ധിച്ച വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
6. ബാങ്ക് പാസ്സ് ബുക്ക് അക്കൗണ്ട് നമ്പർ വരുന്ന പേജ് (അപേക്ഷകയുടേയും കുട്ടിയുടേയും പേരിലുള്ള ജോയിന്റ് അക്കൗണ്ട്).

**Signed by Priyanka G**
**Date: 16-08-2022 23:03:32**

I/71043/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3219/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 12-12-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- - വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായം 'പടവുകൾ' 2022-23 വർഷത്തേയ്ക്ക് അപേക്ഷകൾ ഓൺലൈൻ വെബ് സൈറ്റ് വഴി ക്ഷണിക്കുന്നത് -സംബന്ധിച്ച്:-

സൂചന:- 1. സ.ഉ.(സാധാ)നം. 722/2018/സാ.നീ.വം, തീയതി. 18.12.2018
2. സ.ഉ.(സാധാ)നം. 346/2022/WCDD തീയതി. 29.07.2022

കേരളത്തിൽ ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങൾ, പെട്ടെന്നുള്ള മരണം എന്നിവ ഏറി വരുന്നതായും പലപ്പോഴും ഇങ്ങനെയുള്ള വിധിവൈപരീത്യത്തിന് ഇരയാകുന്നത് പുരുഷമാരും അതിൽ തന്നെ ഭൂരിഭാഗവും കുടുംബനാഥൻമാരുമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നത്. ഇത്തരത്തിൽ വിധവകളാക്കപ്പെടുന്ന സ്ത്രീകളും കുട്ടികളും അരക്ഷിതാവസ്ഥയിലും അനാഥത്വത്തിലുമാണ് തുടർന്നുള്ള ജീവിതം കഴിച്ചു കൂട്ടുന്നത്. ഇത്തരം കുടുംബ പശ്ചാത്തലത്തിൽ വളരുന്ന കുട്ടികൾക്ക് പഠിക്കാൻ കഴിവുണ്ടായിരുന്നാൽ പോലും അവർ ആഗ്രഹിക്കുന്ന തരത്തിൽ പഠിച്ച് മുന്നേറുവാൻ കഴിയാതെ വരുന്നുണ്ട്. അതിനുള്ള പ്രധാന കാരണം കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയില്ലായ്മയാണ്.

സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും സമൂഹത്തിൽ മികച്ച നിലവാരത്തിലേക്ക് മക്കളെ വളർത്തി വലുതാക്കി കുടുംബത്തിന് താങ്ങായി നിർത്തുക എന്ന ചിന്തയിൽ മാത്രം ജീവിക്കുന്ന വിധവകളായ കുടുംബിനികൾ തങ്ങളുടെ മക്കളെ പഠിപ്പിക്കുവാൻ നന്നേ പ്രയാസപ്പെടുന്നു. സമൂഹത്തിൽ ഉന്നത നിലവാരത്തിലെത്താൻ കഴിവുള്ള ചിലരെങ്കിലും നല്ല പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചിട്ടും പണമില്ലാത്തതിന്റെ പേരിൽ മാത്രം പ്രവേശനം നേടാതെ പോകുന്നുണ്ട്. മറ്റ് 0ചിലർ കോളേജിൽ പ്രവേശനം നേടിയതിന് ശേഷം ഫീസടയ്ക്കാൻ കഴിയാതെ പഠനം നിർത്തി പോകുന്നുമുണ്ട്. ഭർത്താവ് മരണപ്പെട്ട സ്ത്രീകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നടത്താനുള്ള സാഹചര്യം വളരെ വിരളമാണെന്നതാണ് വസ്തുത. ഇത്തരം കുടുംബങ്ങളിലെ കുട്ടികൾ പ്രത്യേകിച്ച് ആൺകുട്ടികൾ മിക്കപ്പോഴും പന്ത്രണ്ടാം ക്ലാസ്സ് വരെയോ പരമാവധി ബിരുദം വരെയോ മാത്രമേ വിദ്യാഭ്യാസം നടത്തുന്നുള്ളൂ. ഇത്തരത്തിൽ തങ്ങളുടെ കഴിവുകൾ സാമൂഹിക സാമ്പത്തിക, സമ്മർദ്ദത്തിന് അടിയറവയ്ക്കേണ്ടി വരുന്ന കുട്ടികളാണ് പലപ്പോഴും സമൂഹത്തിൽ ഒറ്റപ്പെടുകയും വിജയത്തിലേക്കെത്താതിരിക്കുകയും ചെയ്യുന്നത്.

ഇത്തരം പ്രവണതകൾ വർദ്ധിച്ച് വരുന്നത് സാംസ്കാരിക കേരളത്തിന്റെ തനിമക്കും ഭാവി തലമുറയ്ക്കും ആശാസ്യകരമല്ല. ഇത്തരം കുടുംബങ്ങളേയും കുട്ടികളേയും സംരക്ഷിക്കേണ്ടതും പുനരുദ്ധരിക്കേണ്ടതും സമൂഹത്തിന്റെയും ഭരണ വിഭാഗത്തിന്റെയും പ്രധാന കടമകളിലൊന്നായി കാണേണ്ടതുണ്ട്. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി

അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ- സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

ടി പദ്ധതിയുടെ വിശദാംശങ്ങളും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

<u>പദ്ധതി ധനസഹായം</u>

1. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന (എം.ബി.ബി.എസ്., എഞ്ചിനിയറിംഗ്, ബി.ഡി.എസ്., BHMS, BAMS എന്നിവയും, കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകളും ) വിധവകളുടെ മക്കളുടെ ട്യൂഷൻ ഫീസും, ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ഹോസ്റ്റൽ ഫീസും, മെസ്സ് ഫീസും നൽകുന്നു.
2. സെമസ്റ്റർ ഫീസാണെങ്കിൽ വർഷം 2 തവണയും വാർഷിക ഫീസാണെങ്കിൽ ഒറ്റത്തവണയായും ധനസഹായം ലഭിക്കും.
3. സർക്കാർ -സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവരും, സ്വാശ്രയ കോളേജുകളിൽ സർക്കാർ മെരിറ്റ് സീറ്റിൽ പഠിക്കുന്നവരും ആയിരിക്കണം.

<u>പദ്ധതി മാനദണ്ഡം</u>

1. സർക്കാർ - സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ചവർ
2. സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റ് സീറ്റുകളിൽ പ്രഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ചവർ.
3. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള മറ്റ് പ്രൊഫഷണൽ കോളേജുകൾ എന്നിവയിൽ പഠിക്കുന്നവർ.
4. കേന്ദ്ര- സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർ.
5. കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
6. കൂടുതൽ അപേക്ഷകൾ ഉള്ളപക്ഷം പ്രവേശന പരീക്ഷയുടെ മാർക്ക്/ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ മാർക്ക്, വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്.
7. **പഠിക്കുന്ന സ്ഥാപനത്തിലെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് (ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ) എന്നിവ സംബന്ധിച്ച <u>വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ</u> സാക്ഷ്യപത്രവും തുക അടച്ചിട്ടുണ്ടെന്നുള്ള(തുക സഹിതം) അപേക്ഷകയുടെ സത്യവാങ്മൂലം.**
8. സർക്കാർതലത്തിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ ഈ ധനസഹായത്തിന് അർഹരല്ല.
9. അങ്കണവാടി വർക്കർ/ ഹെൽപ്പർ, ആശാവർക്കർമാർ, പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർ ഈ ആനുകൂല്യത്തിന് അർഹരല്ല.
10. ധനസഹായ തുക അപേക്ഷകയുടെ (മാതാവിന്റെ) ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു.
11. ധനസഹായം ലഭിക്കേണ്ട കുട്ടി വിധവയുടെ മകൻ/ മകൾ ആയിരിക്കണം.

I/71043/2022

12. ഒരു കുടുംബത്തിലെ രണ്ട് വിദ്യാർത്ഥികൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും

**അപേക്ഷിക്കേണ്ട വിധം**

- www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക
- പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്. യുസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

1. ധനസഹായത്തിനുള്ള അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ ഓൺലൈൻ വെബ് സൈറ്റ് വഴി മാത്രം 31.01.2023 വരെ സ്വീകരിക്കേണ്ടതാണ്. അപേക്ഷകൾ ഓഫ്ലൈൻ ആയി സ്വീകരിക്കാൻ പാട്ടുള്ളതല്ല. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതും ആവശ്യപ്പെട്ട എല്ലാ രേഖകളും ഉള്ള അപേക്ഷകൾ വ്യക്തമായ ശുപാർ ശയോടെ ഓൺലൈൻ ആയി 05.02.2023 നകം ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതുമാണ്. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളുടെ ലിസ്റ്റ് (മുൻഗണന അടിസ്ഥാനത്തിൽ തയ്യാറാക്കി) നിശ്ചിത പ്രൊഫോർമയിൽ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടെ 15.02.2022 ന് മുൻപ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ധനസഹായം അനുവദിച്ച് നൽകുന്നവരുടെ പേരും വിശദ വിവരവും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
2. **ധനസഹായത്തിന് അപേക്ഷിക്കേണ്ട വിധവും ഹാജരാക്കേണ്ട രേഖകളും**
    1. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് ശിശു വികസന പദ്ധതി ഓഫീസർക്ക് അപേക്ഷിക്കേണ്ടത്
    2. **കോഴ്സ്, ഫീസ് സംബന്ധിച്ച അപേക്ഷയോടൊപ്പമുള്ള സാക്ഷ്യപത്രം (സ്ഥാപന മേധാവി, അപേക്ഷക എന്നിവർ സാക്ഷ്യപ്പെടുത്തിയത്.)**
    3. വിദ്യാർത്ഥിയുടെ മാതാവ് വിധവയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അസ്സൽ (വില്ലേജ് ഓഫീസർ നൽകുന്നത്)
    4. വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ
    5. പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (മാർക്ക് ലിസ്റ്റ് ഉൾപ്പെടെ)
    6. ധനസഹായം ലഭിച്ച തുക മേൽപ്പറഞ്ഞവയുടെ ആകെ തുകയിൽ നിന്നും അധികരിക്കുന്നില്ല എന്ന അപേക്ഷകയുടെ സാക്ഷ്യപത്രം.

**കമ്മിറ്റിയുടെ ഘടന**

1. ജില്ലാ കളക്ടർ - അദ്ധ്യക്ഷൻ
2. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ

I/71043/2022

(ജില്ലാ പഞ്ചായത്ത്) - മെമ്പർ

3. ഡി.എം.ഒ. - മെമ്പർ
4. ജില്ലാ ഇൻഫർമേഷൻ ഓഫീസർ - മെമ്പർ
5. പ്രിൻസിപ്പാൾ (സർക്കാർ/ എയ്ഡഡ് കോളേജ്) - മെമ്പർ
6. ജില്ലാ വനിത ശിശു വികസന ഓഫീസർ - കൺവീനർ

**വനിത ശിശു വികസന ഡയറക്ടർ**

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ,
3. ഡയറക്ടറുടെ സി.എ.
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

**വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനുള്ള അപേക്ഷയിൽ ഓൺലൈൻ വെബ് സൈറ്റ് വഴി രേഖപ്പെടുത്തേണ്ടവ**

| | | |
|---|---|---|
| 1 | അപേക്ഷകയുടെ പേരും മേൽവിലാസവും (പിൻകോഡ് ഉൾപ്പെടെ) | |

I/71043/2022

<table>
<tr><td></td><td colspan="2"></td><td colspan="3"></td></tr>
<tr><td>2</td><td colspan="2">ഫോൺ നമ്പർ</td><td colspan="3"></td></tr>
<tr><td>3</td><td colspan="2">വിദ്യാഭ്യാസ ധനസഹായം ലഭിക്കേണ്ട കുട്ടിയുടെ പേരും ജനനതീയതിയും</td><td colspan="3"></td></tr>
<tr><td>4</td><td colspan="2">പഠിക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും</td><td colspan="3"></td></tr>
<tr><td>5</td><td colspan="2">പഠിക്കുന്ന കോഴ്സിന്റെ പേര്, ആകെ പഠിക്കേണ്ട വർഷം</td><td colspan="3"></td></tr>
<tr><td>6</td><td colspan="2">ഇപ്പോൾ പഠിക്കുന്ന വർഷം</td><td colspan="3"></td></tr>
<tr><td>7</td><td colspan="2">സർക്കാർ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചതാണോ?</td><td colspan="3"></td></tr>
<tr><td>8</td><td colspan="2">പ്രവേശന പരീക്ഷയുടെ റാങ്ക് നം., പ്രവേശന പരീക്ഷയുടെ പേര്</td><td colspan="3"></td></tr>
<tr><td rowspan="2">9</td><td rowspan="2">പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയുടെ മാർക്ക് (+2, ഡിഗ്രി etc.)</td><td rowspan="2"></td><td>ആകെ മാർക്ക്</td><td>ലഭിച്ച മാർക്ക്</td><td>എത്ര ശതമാനം മാർക്ക് ലഭിച്ചു</td></tr>
<tr><td></td><td></td><td></td></tr>
<tr><td>10</td><td colspan="2">ഒരു വർഷത്തേയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് എത്ര?</td><td colspan="3"></td></tr>
<tr><td>11</td><td colspan="2">പ്രതിമാസ ഹോസ്റ്റൽ ഫീസ് (മെസ് ഉൾപ്പെടെ) എത്ര?</td><td colspan="3"></td></tr>
<tr><td>12</td><td colspan="2">അപേക്ഷകയുടെ ബാങ്ക് അക്കൗണ്ട് നം., ബ്രാഞ്ച്, IFSC</td><td colspan="3"></td></tr>
<tr><td>13</td><td colspan="2">സർക്കാരിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ടോ?</td><td colspan="3"></td></tr>
<tr><td>14</td><td colspan="2">പഠനാവശ്യത്തിനായി മറ്റേതെങ്കിലും ധനസഹായം തൻവർഷത്തേയ്ക്ക് ലഭിച്ചിട്ടുണ്ടോ?/ ലഭിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം</td><td colspan="3"></td></tr>
<tr><td>15</td><td colspan="2">വാർഷിക വരുമാനം</td><td colspan="3"></td></tr>
</table>

–
–
–
–
–
–
–

**അപേക്ഷക അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ**

I/71043/2022

–

**1.വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം**

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന കുട്ടി ഈ സ്ഥാപനത്തിൽ സർക്കാർ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളതും പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ . . . . . . . . . . . . . . . . . . . . ആയി ഉൾപ്പെട്ടിരുന്നതുമാണ്. നിലവിൽ ഈ കുട്ടി . . . . . . . . . . . . . . . . . . . . . . . . . . . . . . എന്ന കോഴ്സിന് . . . . . . . . . . . . . . . . . . . . . . വർഷം പഠിക്കുകയാണെന്നും ടിയാളുടെ വാർഷിക ഫീസ് . . . . . . . . . . . . . . . രൂപയും ഹോസ്റ്റൽ ഫീസ് . . . . . . . . . . . രൂപയും, മെസ് ഫീസ് . . . . . . . . . . രൂപയും ആണെന്നും ടിയാൾക്ക് സർക്കാർ തലത്തിൽ നിന്നും സ്കോളർഷിപ്പുകൾ ഒന്നും ഈ സ്ഥാപനം വഴി ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടേ ഒപ്പ്**
തീയതി: **പേര്:**

(സീൽ)

**2.** സാക്ഷ്യപത്രം

2022-23 വർഷം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . കോളേജിൽ . . . . . . . . . വർഷം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . കോഴ്സിന് പഠിച്ചിരുന്ന എന്റെ മകൻ/ മകൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . ക്ക്/ന് പടവുകൾ പദ്ധതി പ്രകാരം . . . . . . . . . . . . . . . . . . . . . . രൂപ ധനസഹായം ലഭിച്ചത് മകന്റെ/ മകളുടെ 2021-22 ലെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ മെസ്സ് ഫീസ് ആയി അടച്ച . . . . . . . . . . . . . . . . . . . . . . രൂപയിൽ നിന്നും അധികരിച്ചിട്ടില്ലെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **അപേക്ഷകയുടെ ഒപ്പ്**
തീയതി: **പേര്:**

3. **സാക്ഷ്യപത്രം**

എന്റെ മകൻ/ മകൾ 2022-23 വർഷം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . കോളേജിൽ . . . . . . . . . വർഷം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

I/71043/2022

. . . . . . . . . . . .  കോഴ്സിന് പഠിക്കുകയാണെന്നും ടിയാളുടെ ട്യൂഷൻ ഫീസ് . . . . . . . . . . . . . . . രൂപയും ഹോസ്റ്റൽ ഫീസ് . . . . . . . . . . രൂപയും, മെസ് ഫീസ് . . . . . . . . . . രൂപയും ആണെന്നും ടിയാൾക്ക് സർക്കാർ തലത്തിൽ നിന്നും സ്കോളർഷിപ്പുകൾ ഒന്നും ലഭിക്കുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **അപേക്ഷകയുടെ ഒപ്പ്**

തീയതി: **പേര്:**

**<u>ശിശു വികസന പദ്ധതി ഓഫീസർ അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>**

**<u>ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശ</u>**

ശ്രീമതി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . വിധവയാണെന്നും ടിയാളുടെ മകൻ /മകൾ സർക്കാർ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചിട്ടുള്ളതും സ.ഉ.(സാധാ) നം. . . . . . . . . . . . . . . . . തീയതി. . . . . . . . . . . മാനദണ്ഡങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: **ശിശു വികസന പദ്ധതി ഓഫീസർ**

തീയതി:

(സീൽ)

**Signed by Priyanka G**
**Date: 12-12-2022 15:39:41**

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1882/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 01/07/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

# പരിപത്രം

വിഷയം:- വനിതാ ശിശുവികസന വകുപ്പ്--'മംഗല്യ പദ്ധതി '-വിധവാ പുനർവിവാഹ ധനസഹായം-2022-23-വർഷത്തേയ്ക്ക് അപേക്ഷകൾ ഓൺലൈൻ വെബ് സൈറ്റ് മുഖേന ക്ഷണിക്കുന്നത്- നിർദേശങ്ങൾ സംബന്ധിച്ച്:-

സൂചന:- 1. സ.ഉ(സാധാ)നം.472/സാക്ഷേവ. തീയതി: 12/11/2018.

2. ഈ കാര്യാലയത്തിലെ 8/6/2019 ലെ ഇ 11/24251/WCD നമ്പർ ഉത്തരവ്

സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന മംഗല്യ പദ്ധതി 2008 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സൂചന (2) പ്രകാരം വകുപ്പ് മുഖേനെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിർവ്വഹണ ചുമതല ജില്ലാ വനിതാ ശിശുവകിസന ഓഫീസർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. ആകയാൽ മംഗല്യ പദ്ധതി പ്രകാരം ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷക ബി.പി.എൽ. / മുൻഗണനാ വിഭാഗത്തിൽപെട്ടതായിരിക്കണം.
2. ഭർത്താവിന്റെ മരണം മൂലം വിധവയാവുകയും, നിയമ പ്രകാരം വിവാഹ ബന്ധം വേർപെടുത്തിയത് നിമിത്തം വിധവയ്ക്ക് സമാനമായി തീർന്നിട്ടുള്ള കുടുംബങ്ങളിൽപ്പെട്ട വനിതകളുമാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്.
3. പുനർവിവാഹം ബന്ധപ്പെട്ട വിവാഹ രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
4. വർഷത്തിൽ എല്ലാ സമയവും മംഗല്യ പദ്ധതിയ്ക്കുവേണ്ടി വകുപ്പിന്റെ

വെബ്സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ് . പുനർവിവാഹം നടന്ന് 6 മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.

5. 18 നും 50 നും മദ്ധ്യേ പ്രായമുള്ള വിധവകളുടെ പുനർവിവാഹത്തിനാണ് ധനസഹായം അനുവദിക്കുന്നത്.
6. ധനസഹായത്തിനുള്ള അപേക്ഷകൾ താഴെപ്പറയുന്ന രേഖകൾ സഹിതം ഓൺലൈനായി ശിശുവികസന പദ്ധതി ഓഫീസർ മുഖേന ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് നൽകേണ്ടതാണ്.

a. ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.
b. വിവാഹ ബന്ധം വേർപെടുത്തിയത് സംബന്ധിച്ച് കോടതി ഉത്തരവ്.
c. ബി.പി.എൽ. / മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടത് സംബന്ധിച്ച രേഖ (റേഷൻ കാർഡിന്റെ കോപ്പി) സാക്ഷ്യപ്പെടുത്തിയത്.
d. അപേക്ഷകയുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്.
e. പുനർവിവാഹം രജിസ്റ്റർ ചെയ്തതു സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)

ഓൺലൈനായി ലഭ്യമായ അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് ധനസഹായത്തിന് അർഹതയുള്ളതാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് ഓൺലൈനായി നൽകാൻ പാടുള്ളൂ.

**<u>അപേക്ഷിക്കേണ്ട വിധം</u>**

- www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക
- പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക . പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്. യുസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

മംഗല്യ പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസർമാർ ഓൺലൈനായി സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം 2022-23 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് ധനസഹായം

ലഭിക്കുന്നതിന് അർഹതയുള്ളവയുടെ ലിസ്റ്റും ആവശ്യമായ ഫണ്ടിന്റെ വിശദാംശവും ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ 2023 ഫെബ്രുവരി 15 നകം വനിതാ ശിശുവികസന ഡയറക്ടർക്ക് നൽകേണ്ടതാണ്. 2023 ഫെബ്രുവരി 15 ശേഷം ജില്ലാതലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്ക് പരിഗണിയ്ക്കേണ്ടതാണ്.

**വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി**

1. എല്ലാ DWCDO മാർക്കും
2. എല്ലാ CDPO മാർക്കും

**<u>പകർപ്പ്:</u>**

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. അഡീഷണൽ ഡയറക്ടർ / ജോയിന്റ് ഡയറക്ടർ
5. സ്റ്റോക്ക് ഫയൽ / സ്പെയർ

Signature Not Verified

Digitally signed by Priyanka G
Date: 2022.07.01 15:16:41 IST
Reason: Approved

**'മംഗല്യ പദ്ധതി'**

**വിധവാ പുനർവിവാഹ ധനസഹായത്തിനുള്ള അപേക്ഷ**

1 അപേക്ഷകയുടെ പേര്, അഡ്രസ്സ്, പിൻകോഡ്, ഫോൺ നം. :

2 അപേക്ഷകയുടെ ജനന തീയതി :

3 മരണമടഞ്ഞ ഭർത്താവിന്റെ പേര്, വിലാസം (മരണ സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

4 മരണമടഞ്ഞയാളുടെ വിധവയാണ് അപേക്ഷക എന്ന് തെളിയിക്കുന്നതിനുള്ള രേഖ :

5 വിവാഹബന്ധം വേർപെടുത്തിയതാണെങ്കിൽ വിവാഹ ബന്ധം വേർപെടുത്തിയ കോടതി ഉത്തരവിന്റെ പകർപ്പ് :

6 പുനർ വിവാഹം കഴിച്ച ഭർത്താവിന്റെ പേര്, അഡ്രസ്, വിവാഹ സർട്ടിഫിക്കറ്റ് :

7 പുനർവിവാഹം, രജിസ്ട്രേഷൻ നം, തീയതി (വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

8 അപേക്ഷകയുടെ തൊഴിൽ, വരുമാനം :

9 പുനർവിവാഹം ചെയ്ത ഭർത്താവിന്റെ തൊഴിൽ, വരുമാനം :

10 അപേക്ഷകയെ ആശ്രയിച്ച് കഴിയുന്ന കുട്ടികളുടെ വിശദ വിവരം :

11 ഭർത്താവിനെ ആശ്രയിച്ച് കഴിയുന്ന കുട്ടികളുടെ വിശദ വിവരം :

12 ഇപ്പോൾ താമസിക്കുന്ന ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് :

13 ബാങ്ക് അക്കൗണ്ട് നമ്പർ :

IFSC :

ബ്രാഞ്ച് :

സ്ഥലം : **അപേക്ഷകയുടെ ഒപ്പ്, പേര്**

തീയതി :

**<u>അപേക്ഷക അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട രേഖകൾ</u>**

a. ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.
b. വിവാഹ ബന്ധം വേർപെടുത്തിയത് സംബന്ധിച്ച് കോടതി ഉത്തരവ്.
c. ബി.പി.എൽ. / മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടത് സംബന്ധിച്ച രേഖ (റേഷൻ കാർഡിന്റെ കോപ്പി) സാക്ഷ്യപ്പെടുത്തിയത്.
d. അപേക്ഷകയുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്.
e. പുനർവിവാഹം രജിസ്റ്റർ ചെയ്തതു സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്

**<u>ശിശു വികസന പദ്ധതി ഓഫീസർ അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>**

**<u>സി.ഡി.പി.ഒ.യുടെ ശുപാർശ</u>**

---------------------------------------------------------------------------

---------------------------------------------------------------------------

---------------------------------------------------------------------------

------------------------------------------------------------------------

(ഓഫീസ് സീൽ) **സി.ഡി.പി.ഒ.യുടെ ഒപ്പ്, സീൽ**

**<u>ജില്ലാ വനിത ശിശു വികസന ഓഫീസർ അപ് ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ</u>**

**<u>ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ ശുപാർശ</u>**

മംഗല്യ പദ്ധതി പ്രകാരം ശ്രീമതി.......................................................................................................................

--------------- ധനസഹായത്തിന് അർഹയാണ്. ധനസഹായം

അനുവദിക്കാവുന്നതാണ്.

സ്ഥലം :

തീയതി : (സീൽ)

**ജില്ലാ വനിതാ ശിശുവികസന ഓഫീസർ**